# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി
## കൊല്ലം

No./Ad. A3/1/219/SOU/2025 തീയതി : 07/10/2026

**പുനർവിജ്ഞാപനം**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 17.02.2026-**ലെ** Ad. A3/1/219/SOU/2025 **നമ്പർ വിജ്ഞാപനപ്രകാരം കരാർ അടിസ്ഥാനത്തിൽ MDDC Director തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.**

**മാതൃ വിജ്ഞാപനപ്രകാരം ഇതിനകം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല. അവർ നിലവിൽ സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതാണ്. അവർക്ക് ആവശ്യമെങ്കിൽ തങ്ങളുടെ യോഗ്യതകൾ അപ്ഡേറ്റ് ചെയ്യാവുന്നതാണ്.**

**മുമ്പ് പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതും, അതിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഉള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷ 11/11/2026-നകം സമർപ്പിക്കാവുന്നതാണ്.**

17.02.2026-**ലെ** Ad.A3/1/219/SOU/2025 **നമ്പർ വിജ്ഞാപനത്തിലെ മറ്റ് എല്ലാ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും മാറ്റമൊന്നുമില്ല.**

മാതൃ വിജ്ഞാപനം ഇതോടൊപ്പം ചേർക്കുന്നു.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് കണ്ടന്റ് വികസന പ്രവർത്തനങ്ങളെ ഫലപ്രദമായി ഏകോപിപ്പിച്ച് ODL വിദ്യാഭ്യാസ രീതിയ്ക്ക് അനുസൃതമായ ഗുണമേന്മയുള്ള സ്വയം പഠന സാമഗ്രികളുടെ (Self Learning Materials) രൂപകല്പന, നിർമ്മാണം, വിതരണം എന്നിവയ്ക്കായി മെറ്റീരിയൽ ഡെവലപ്മെന്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ സെന്റർ (എം.ഡി.ഡി.സി) ഡയറക്ടർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അസോസിയേറ്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത തസ്തികയിൽ നിന്ന് വിരമിച്ച അധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

- തസ്തികയുടെ പേര് : MDDC **ഡയറക്ടർ** (കരാർ)
- പ്രായം : (01/01/2025- ൽ) 62 വയസ്സ് കവിയാൻ പാടില്ല
- പ്രതിഫലം : 63,000/- രൂപ
- ഒഴിവുകളുടെ എണ്ണം : 1 (ഒന്ന്)

**അടിസ്ഥാന യോഗ്യത**

1. അസോസിയേറ്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത തസ്തികയിൽ University/Govt.College/Aided College എന്നിവിടങ്ങളിൽ നിന്നും വിരമിച്ച അധ്യാപകർ ആയിരിക്കണം.
2. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് നേടിയ ഡോക്ടറേറ്റ് ബിരുദം.
3. വൈജ്ഞാനിക ഗ്രന്ഥങ്ങളോ, അംഗീകൃത peer-Reviewed അക്കാഡമിക് ജേർണലുകളിലോ ഉള്ള പ്രസിദ്ധീകരണങ്ങളും ഉൾപ്പടെ വിജ്ഞാന രംഗത്തുള്ള സംഭാവനകൾ (10 ൽ കുറയാത്തത്).

**അഭിലഷണീയം**

1. ദേശീയ അന്തർദേശീയതലത്തിൽ അംഗീകാരമുള്ള പബ്ലിക്കേഷനുകളിൽ Editing, Reviewing എന്നിവയിലുള്ള മുൻപരിചയം.
2. വൈജ്ഞാനിക രംഗത്തുള്ള സംഭാവനകൾക്കുള്ള അംഗീകാരങ്ങൾ, അവാർഡുകൾ, ഫെലോഷിപ്പുകൾ, പൂർത്തീകരിച്ച ഗവേഷണ പ്രോജക്ടുകൾ തുടങ്ങിയവ.

**പൊതു വ്യവസ്ഥകൾ :**

- അപേക്ഷകർ ഇന്ത്യൻ പൗരൻ ആയിരിക്കണം.
- അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള അവസാന തീയതി 11/11/2026 ന് വൈകുന്നേരം 5 മണി.

**അപേക്ഷിക്കേണ്ട വിധം:**

മതിയായ യോഗ്യതയുള്ളവർ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.sgou.ac.in വഴി ഓൺലൈൻ അപേക്ഷ സമർപ്പിക്കണം.

പ്രായം, യോഗ്യത, പരിചയം, ഗവേഷണം, മറ്റ് ക്ലെയിമുകൾ എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതമുള്ള അപേക്ഷകൾ രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കുരീപ്പുഴ, കൊല്ലം 691601 എന്ന വിലാസത്തിൽ 18/11/2026 ന് വൈകുന്നേരം 5 മണിക്ക് മുൻപ് ലഭിക്കണം. അപൂർണ്ണവും, വൈകി ലഭിക്കുന്നതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.



**രജിസ്ട്രാർ**

സ്ഥലം: കൊല്ലം
തീയതി: 07/10/2026